(i) കേന്ദ്ര സർക്കാരിന്റെ 'ആത്മ' പദ്ധതിയിലെ നൂതന പ്രവർത്തനങ്ങൾ എന്ന ഘടകത്തിൽ നിന്നും 25 ലക്ഷം രൂപയും.

(ii) ടി ആത്മ പദ്ധതിയിലെ 'വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ' (B8) നിന്നും 16 ലക്ഷം രൂപയും.

(iii) വിജ്ഞാപന വ്യാപനം ശക്തിപ്പെടുത്തൽ എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിലെ പൊതുജന പങ്കാളിത്തം എന്ന ഘടകത്തിൽ നിന്നും 10 ലക്ഷം രൂപയും.

(iv) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ഇന്റർനാഷണൽ മീറ്റിന്റെ പ്രൊവിഷനിൽനിന്നും 37.50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 88.50 ലക്ഷം രൂപയിൽ 51 ലക്ഷം രൂപ കൃഷി വകുപ്പിന്റെ 2401-00-109-80 (പ്ലാൻ) ശീർഷകത്തിൽനിന്നും ഉപയോഗിക്കുന്നതിന് അനുവാദം ലഭിച്ചിട്ടുണ്ട്. (ആകെ 25+88.5=113.50 ലക്ഷം രൂപ).

(സി) ചെലവുകൾ പ്രധാനമായും താഴെപ്പറയുന്ന ഇനങ്ങളിലായിരുന്നു :

1. പരസ്യം (റോഡ് ഷോ ഉൾപ്പെടെ)
2. ഭക്ഷണം
3. താമസസൗകര്യം
4. ഹാൾ വാടക
5. എക്സിബിഷൻ
6. യാത്രാസൗകര്യം.

കട്ടനാട് പാക്കേജ്

270 (1711) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രം സമയപരിധി നീട്ടി നൽകിയിട്ടുണ്ട് ; നീട്ടിയ സമയപരിധി എന്ന് അവസാനിക്കുമെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദീർഘിപ്പിച്ച സമയപരിധിക്കകം പാക്കേജ് പൂർത്തീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പാക്കേജിന്റെ പ്രാദേശിക തലത്തിലുള്ള മേൽനോട്ടം ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ മുൻഗണനാക്രമം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന KEL-1, KEL-2 പദ്ധതികൾ 2015 മാർച്ച് വരെയും KEL-3 ഓണാട്ടുകര പദ്ധതികൾ 2016 ഡിസംബർ വരെയും സമയപരിധി നീട്ടി നൽകിയിട്ടുണ്ട്.

(ബി) അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മൂൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ചു പൂർത്തിയാക്കാവുന്നതാണെന്നും ബഹു. കേന്ദ്ര കൃഷി മന്ത്രി ബഹു. മുഖ്യമന്ത്രിക്ക് 13-11-2014-ൽ അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി&ഡി) 7-10-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ യോഗത്തിൽ എല്ലാ വകുപ്പ് തലവന്മാർക്കും പ്രാദേശിക തലത്തിലുള്ള മേൽനോട്ടം വഹിക്കുന്നതിനും പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

കുട്ടനാട് പാക്കേജ്

271 (1712) ശ്രീ. എം. എ. ബേബി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി അവസാനിച്ചത് എന്നായിരുന്നുവെന്നും വീണ്ടും നീട്ടികിട്ടാൻ കേന്ദ്രസർക്കാരിന് യഥാസമയം കത്ത് നൽകിയിരുന്നോയെന്നും വ്യക്തമാക്കാമോ ;

(ബി) പദ്ധതി കാലാവധി നീട്ടികിട്ടാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുവെങ്കിൽ അതിൻപ്രകാരം ലഭിച്ച മറുപടി സംബന്ധിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly